കുടിവെള്ള ക്ഷാമം

36 (186) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന് ശാശ്വത പരിഹാരം കണ്ടെത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(സി) സംസ്ഥാനത്ത് ഭൂഗർഭജലത്തിന്റെ അളവ് കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(സി) സംസ്ഥാനത്തിലെ ചില ഭാഗങ്ങളിൽ ഭൂജലവിതാനം കുറയുന്നതായി കാണുന്നുണ്ട്. ഭൂഗർഭജലസ്രോതസുകളുടെ ലഭ്യതയെപ്പറ്റിയുള്ള ശാസ്ത്രീയമായ പഠനം നടത്തുന്നതിനും, ഭൂഗർഭജലലഭ്യത കണക്കാക്കുന്നതിനുമായി കേന്ദ്ര ഗവൺമെന്റ് ഇടയ്ക്കിടെ ഉന്നതാധികാരസാങ്കേതിക കമ്മിറ്റികൾ വിവിധ സംസ്ഥാനങ്ങളിലെ ബന്ധപ്പെട്ട വകുപ്പുകൾക്കുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നു. ഭൂജല സംപോഷണത്തിന്റെ ഭാഗമായി സബ്സർഫസ് ഡൈക്കുകളും മറ്റും നിർമ്മിച്ച് ഭൂജല സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപകൽപന ചെയ്തിട്ടുണ്ട്. കൂടാതെ റിസോർസസ് ഓഫ് വാട്ടർ മാനേജ്മെന്റിനായി സെൻട്രൽ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ സഹായത്തിനായി 9 പദ്ധതികൾ നൽകിയിട്ടുണ്ട്.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മഴവെള്ള സംഭരണം

37 (187) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മഴവെള്ളം സംഭരിക്കുന്നതിന് ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ആന്ധ്രപ്രദേശിൽ ഈ പദ്ധതി നടപ്പിലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

† അനുബന്ധം - V

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് മഴവെള്ളം ശേഖരിച്ചുള്ള പദ്ധതി നടപ്പിലാക്കുവാൻ പ്രാരംഭ നടപടികൾ വൈപ്പിനിലും മലപ്പുറം ജില്ലയിലും സ്വീകരിച്ചു വരുന്നു. സെക്ടർ റിഫോംസ് പ്രോജക്ട് അനുസരിച്ച് കാസർഗോഡ് ജില്ലയിലും, കൊല്ലം ജില്ലയിലും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ മഴവെള്ളം സംഭരിച്ചുള്ള പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശമുണ്ട്.

(സി) ഇല്ല.

ജപ്പാന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വാട്ടർ സപ്ലൈ പ്രോജക്ട്

38 (188) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒ.ഇ.സി.എഫും, കേന്ദ്ര ഗവൺമെന്റുമായി കരാറിലേർപ്പെട്ടതും ജപ്പാന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതുമായ വാട്ടർ സപ്ലൈ പ്രോജക്ടിന്റെ പുരോഗതി എന്താണെന്ന് വിശദമാക്കാമോ ;

(ബി) ഒ. ഇ. സി. എഫുമായുള്ള കരാർ അനുസരിച്ച് പദ്ധതി നടത്തിപ്പിനായി കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) 25-2-1997-ൽ ഒ.ഇ.സി.എഫും (ഇപ്പോൾ ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ) കേന്ദ്ര ഗവൺമെന്റുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന 5 പദ്ധതികളാണ് കേരള വാട്ടർ സപ്ലൈ പ്രോജക്ട് എന്ന പേരിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്.

1. തിരുവനന്തപുരം നഗരവും പ്രാന്തപ്രദേശങ്ങളും
2. മീനാടും സമീപ ഗ്രാമങ്ങളും
3. ചേർത്തലയും സമീപ ഗ്രാമങ്ങളും
4. കോഴിക്കോട് നഗരവും പ്രാന്തപ്രദേശവും
5. പട്ടുവവും സമീപ ഗ്രാമങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

കടലാക്രമണം തടയുന്നതിനായി കടൽഭിത്തികളും നദീതീരങ്ങൾ സംരക്ഷിക്കുന്നതിനായി സംരക്ഷണഭിത്തികളും മറ്റും നടപ്പിലാക്കി വരുന്നു.

2.9 ജല മാനേജ്മെന്റിലും അനുബന്ധകാര്യങ്ങളിലും പ്രൊഫഷണലുകൾക്ക് പരിശീലനം-

ജലസേചനവകുപ്പിലെ പ്രൊഫഷണലുകൾക്ക് കാലാകാലങ്ങളിൽ ഇൻസർവീസ് ട്രെയിനിംഗ് നടത്തിവരുന്നു.

അനുബന്ധം - V

20-6-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 36 (186) ദയവായി കാണുക

സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ചുള്ള പദ്ധതികൾക്കു പുറമേ 100 ശതമാനം കേന്ദ്ര സഹായം ലഭിക്കുന്ന ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളും 75 ശതമാനവും 50 ശതമാനവും കേന്ദ്രധനസഹായം ലഭിക്കുന്ന ടെക്നോളജി മിഷൻ പദ്ധതികളുടെ 50 ശതമാനം കേന്ദ്ര ധനസഹായം ലഭിക്കുന്ന ത്വരിത നഗര ശുദ്ധജലവിതരണ പദ്ധതികളും, എൽ.ഐ.സി./ഹഡ്കോ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്താൽ നടപ്പാക്കുന്ന പദ്ധതികളും ജല അതോറിറ്റി ഏറ്റെടുത്ത് നടപ്പാക്കി വരുന്നു.

ഒ.ഇ.സി.എഫ് (ജപ്പാൻ) ധനസഹായത്തോടെ രണ്ട് അർബൻ പ്രോജക്ടുകളും മൂന്ന് റൂറൽ പ്രോജക്ടുകളും നടപ്പിലാക്കുന്നതിനുള്ള കരാർ ഉണ്ടാക്കിയിട്ടുണ്ട്.

ഫ്രഞ്ചു ഗവൺമെന്റിന്റെ ധനസഹായം മൂന്നിൽക്കണ്ട് ഏതാനും ചില പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

കൂടാതെ, ലോകബാങ്കിന്റെ ധനസഹായം ലക്ഷ്യമാക്കി ഏതാനും ചില പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

എൽ.ഐ.സി./ഹഡ്കോ ധനസഹായത്തോടെ 37 നഗരശുദ്ധജല വിതരണ പദ്ധതികളും 53 ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളും നിർമ്മാണത്തിലുണ്ട്. കൂടാതെ ആലപ്പുഴ, ശബരിമല, തലശ്ശേരി എന്നീ പുതിയ ശുദ്ധജലവിതരണ പദ്ധതികൾക്ക് യഥാക്രമം 50 കോടി, 50 കോടി, 20 കോടി രൂപയുടെ ഹഡ്കോ ലോണിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. 101.40 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന 13 പുതിയ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾക്കും, 9.91 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഒരു പുതിയ നഗര ശുദ്ധജല വിതരണ പദ്ധതിക്കും 2000-മാർച്ചിൽ എൽ.ഐ.സി. യുടെ ധനസഹായം ലഭ്യമായി.

കേന്ദ്ര ഗവൺമെന്റിന്റെ 100 ശതമാനം ധനസഹായത്തോടുകൂടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പരിപാടിയിൽ ഉൾപ്പെടുത്തി ഇപ്പോൾ 100 പദ്ധതികളുടെ പണികൾ നടന്നു വരുന്നു. പദ്ധതികൾക്കാവശ്യമായ സ്ഥലം പഞ്ചായത്തിൽ നിന്നും സറണ്ടർ ചെയ്തു കിട്ടാത്തതിനാൽ പല പദ്ധതികളുടെയും പുരോഗതി മന്ദഗതിയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിന് പുറമേ, ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതിയിൻ കീഴിൽ 34 പദ്ധതികൾക്കും ടെക്നോളജി മിഷൻ പദ്ധതിയുടെ കീഴിൽ 5 പദ്ധതികൾക്കും 2000-2001 സാമ്പത്തിക വർഷത്തിൽ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.

കൂടാതെ 50 ശതമാനം കേന്ദ്ര സഹായം ലഭിക്കുന്ന 3 പദ്ധതികളുടെ പണി ത്വരിത നഗരശുദ്ധജലവിതരണ പദ്ധതിയിലുൾപ്പെടുത്തി നടന്നു വരുന്നു. പുതിയ ഒരു പദ്ധതി കമ്മിറ്റി അംഗീകരിക്കുകയും, കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ 75 ശതമാനം ധനസഹായമുള്ള ടെക്നോളജി മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള, കൊല്ലം ജില്ലയിലെ ആലപ്പാട്-ക്ലാപ്പന ശുദ്ധജല പദ്ധതി, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംപാറയും സമീപ ഗ്രാമങ്ങൾക്കുമുള്ള പദ്ധതി എന്നിവയുടെ പണികൾ പുരോഗതിയിലാണ്.

കൂടാതെ, കേന്ദ്ര ഗവൺമെന്റിന്റെ 50ശതമാനം ധനസഹായം ലഭിക്കുന്ന ടെക്നോളജിമിഷൻ പദ്ധതിയിൽ തൃശ്ശൂരിലെ അഴിക്കോട്, എടവിലങ്ങ് പദ്ധതി (അടങ്കൽ തുക 394 ലക്ഷം രൂപ) വെങ്കിടങ്ങും ഗ്രാമങ്ങൾക്കുമായുള്ള പദ്ധതി (അടങ്കൽ തുക 298 ലക്ഷംരൂപ) പാലക്കാട് ജില്ലയിലെ പുതുശ്ശേരിയും സമീപ ഗ്രാമങ്ങൾക്കുമായുള്ള പദ്ധതി (അടങ്കൽ തുക 624 ലക്ഷം രൂപ) എന്നിവയ്ക്ക് കേന്ദ്രാനുമതിയും സംസ്ഥാന സർക്കാരിന്റെ ഭരണാനുമതിയും ലഭിച്ചു.

ശുദ്ധജല വിതരണ രംഗത്ത് നിലവിലുള്ള അപര്യാപ്തത കണക്കിലെടുത്ത് 2000-ാം ആണ്ടോടുകൂടി എല്ലാപേർക്കും ശുദ്ധജലം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 1423.40 കോടി രൂപ ചെലവ് വരുന്ന ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതനുസരിച്ച് 128 പദ്ധതികൾ 2001 മാർച്ച് അവസാനത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 66 പദ്ധതികൾ ഭാഗികമായോ, പൂർണ്ണമായോ കമ്മീഷൻ ചെയ്തു കഴിഞ്ഞു. ബാക്കിയുള്ളവ പുരോഗതിയിലാണ്.

കൂടാതെ ഭാഗികമായി ശുദ്ധജല ലഭ്യതയുള്ളതും, ശുദ്ധജല ലഭ്യത തീരെയില്ലാത്തതുമായ 747 ഹാബിറ്റേഷനുകളിൽ ആളോഹരി പ്രതിദിനം 40 ലിറ്റർ ശുദ്ധജലം എത്തിക്കുന്നതിനുള്ള പദ്ധതികൾക്കുവേണ്ടി 50.43 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി നൽകിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly